LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ഓഡിയോവിഷൽ & റിപ്രോഗ്രാഫിക് സെന്ററിന്റെ നവീകരണം

127 (3888) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ നവീകരണത്തിനും സബ്സെന്ററുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) സെന്ററിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കൽ പ്രൊമോഷൻ പോളിസി, പി.എഫ്, കുടിശ്ശിക അടയ്ക്കൽ, ഡി.എ. അരിയർ എന്നിവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) സെന്ററിൽ പുതിയ നിയമനം നടത്തേണ്ടതായ സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സെന്റർ നവീകരണത്തിന്റെ ഭാഗമായി പുതുതായി കമ്പ്യൂട്ടർ നിയന്ത്രിത പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ, 50 ആധുനിക കമ്പ്യൂട്ടറുകൾ, വേഗതയിലും മികവിലും അച്ചടിക്കാൻ സാധിക്കുന്ന നൂതന സംരംഭമായ ഡിജിറ്റൽ സ്കാനർ കം പ്രിന്റർ, ഹെവി ഡ്യൂട്ടി വേരിയബിൾ ഡാറ്റാ പ്രിന്റർ, ഓട്ടോമാറ്റിക് ബൈന്റിംഗ് മെഷീൻ, ഡിജിറ്റൽ കളർ പ്രിന്റർ, വിദേശ നിർമ്മിത മൾട്ടികളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റർ, ബ്രെയിലി പ്രസ്സ് എന്നീ ആധുനിക യന്ത്രസാമഗ്രികൾ സ്വായത്തമാക്കാൻ സെന്ററിനു സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുവാനും, കുടിശ്ശിക ശമ്പളത്തിന്റെ ഒരുഭാഗം വിതരണം ചെയ്യുവാനും സാധിച്ചിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ ലോട്ടറികൾ സമയബന്ധിതമായി അച്ചടിക്കുന്നതിനുള്ള പ്രത്യേക സംവിധാനം സെന്ററിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. സെന്ററിന്റെ വളർച്ചയ്ക്ക് ഏറെ ആക്കം കൂട്ടാൻ സഹായിക്കുന്ന തരത്തിൽ ഉദ്ദേശ്യം 3 കോടി രൂപ ചെലവുവരുന്ന വിദേശ നിർമ്മിത ഹൈസ്പീഡ് ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ സെന്ററിൽ സ്ഥാപിച്ചു കഴിഞ്ഞു. ഈ മാസം കമ്മീഷൻ ചെയ്യുന്ന ഈ അച്ചടി യന്ത്രത്തിന്റെ സഹായത്തോടെ സർക്കാർ അച്ചടി ജോലികൾ കുറഞ്ഞ ചെലവിൽ ഉന്നത ഗുണനിലവാരത്തിൽ പൂർത്തിയാക്കാൻ സാധിക്കും. സെന്ററിന്റെ പുനഃസംഘാടനത്തിന്റെ ഭാഗമായി നേരത്തെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 21 സബ് സെന്ററുകൾ ഉണ്ടായിരുന്നത് 9 എണ്ണമായി കുറച്ച് അവയെ സ്വയംപര്യാപ്തതയിൽ എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സബ് സെന്ററുകൾ സർക്കാർ അനുവദിച്ച സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. തിരുവനന്തപുരം വട്ടിയൂർക്കാവിലെ ഹെഡ് ഓഫീസ് കോപ്ലക്സിലും കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട്,

കണ്ണൂർ എന്നീ സബ് സെന്ററുകളിലും അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ തൊഴിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സെന്ററിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിന്റെ കരട് ഏപ്രിൽ (2010) മാസം പ്രസിദ്ധീകരിക്കുകയും പരാതികൾ സ്വീകരിക്കുകയും ചെയ്തു. പരാതികൾ പരിഹരിച്ച രണ്ടാം കരട് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ തസ്തികകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രൊമോഷൻ പോളിസി സ്ഥാപനത്തിൽ നിലവിലില്ലാത്തതിനാൽ പോളിസി രൂപീകരിക്കുവാനായി ഏകാംഗ കമ്മീഷനെ സ്ഥാപനത്തിന്റെ ഭരണസമിതി നിയമിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ നടന്നുവരികയാണ്. പി.എഫ്.-ലെ മുൻവർഷങ്ങളിലെ കുടിശ്ശിക സ്ഥാപനം അടച്ചുതീർത്തിട്ടുണ്ട്. സർക്കാർ അതാത് കാലഘട്ടങ്ങളിൽ ഡി.എ. പ്രഖ്യാപിക്കുന്ന തീയതിമുതൽ കെ.എസ്.എ.വി.ആർ.സി.യിൽ ഡി.എ. വർദ്ധിപ്പിച്ച് നൽകിവരുന്നു.

(സി) സെന്ററിൽ പുതിയ നിയമനം നടത്തേണ്ടതായ സാഹചര്യം നിലവിലില്ല.

ലൈബ്രറി സെസ് തുക

128 (3889) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-2010 സാമ്പത്തിക വർഷത്തിൽ ലൈബ്രറി സെസ് ഇനത്തിൽ മൊത്തം ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തുകയിൽ ലൈബ്രറി ആവശ്യത്തിന് എത്ര തുക വിനിയോഗിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ലൈബ്രറി സെസ് തുക ലൈബ്രറി ആവശ്യത്തിനല്ലാതെ ഉപയോഗിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഡി) ലൈബ്രറി സെസ് തുക വകമാറ്റി ചെലവഴിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ലൈബ്രറി സെസ് തുക ഉപയോഗിച്ച് ലൈബ്രറി വികസനത്തിനും വായന ശീലം വളർത്താനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 10,65,10,572 രൂപ (പത്ത് കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം).

(ബി) 10,65,10,572 രൂപ (പത്ത് കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം).

2308/12

LIBRARY ARCHIVES Kerala Legislative Assembly